പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5494 27.3.2018-ൽ മറുപടിയ്ക്ക്

## വെറ്ററിനറി സർവ്വകലാശാലയിലെ അധ്യാപക ഒഴിവുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര** | | **ശ്രീ.വി.എസ്.സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) | കേരള വെറ്ററിനറി സർവ്വകലാശാലയിൽ അധ്യാപക തസ്തികകളുടെ നിലവിലെ അനുവദനീയ എണ്ണം എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | എ) | അസിസ്റ്റന്റ് പ്രൊഫസർ-217<br>അസോസിയേറ്റ് പ്രൊഫസർ-64<br>പ്രൊഫസർ -54 |
| ബി) | പ്രസ്തുത അധ്യാപക തസ്തികയിൽ നിലവിൽ ഒഴിവുണ്ടോയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | ബി) | പ്രൊഫസർ തസ്തികയിൽ 12 ഒഴിവുകളും അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 59 ഒഴിവുകളും ,അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 23 ഒഴിവുകളും നിലവിലുണ്ട്.എന്നാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഉള്ള ഒഴിവുകൾ എൻ.സി.എ (No candidate available) പ്രകാരമുള്ളതാണ്. |
| സി) | ഒഴിവുണ്ടെങ്കിൽ ആയത് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | സി) | അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് 2014 ൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള ഒഴിവുകളിൽ റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ഭരണസമിതി തീരുമാനപ്രകാരം സർവകലാശാലയിൽ ഒഴിഞ്ഞു കിടന്നിരുന്ന അദ്ധ്യാപക തസ്തികകൾ താല്ക്കാലികമായി തസ്തിക മാറ്റം വരുത്തി സർവകലാശാല പുതിയതായി തുടങ്ങിയ കോളേജുകളിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമന |

| | | | |
|---|---|---|---|
| | | | നടപടികളുടെ ഭാഗമായി വന്നിട്ടുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ എൻ.സി. എ ഒഴിവുകൾ നികത്തുന്നതിനും അദ്ധ്യാപക കേഡറിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനുവേണ്ടിയുള്ള സ്കോർ കാർഡ് തയ്യാറാകുന്ന മുറയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ